പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6714 01.11.2011- ലെ മറുപടി

കണ്ടക്ടർ തസ്തികയിൽ പ്രൊമോഷൻ

ചോദ്യം ഉത്തരം

ശ്രീ. കെ. എം. ഷാജി

ശ്രീ. വി. എസ്. ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. യിൽ ഒരു കണ്ടക്ടർക്ക് ഗ്രേഡ് 2, ഗ്രേഡ് 1, സെലക്ഷൻ ഗ്രേഡ്, സ്പെഷ്യൽ ഗ്രേഡ് എന്നീ തലത്തിലേക്ക് എത്തുന്നതിന് സർവ്വീസ് എൻട്രി മുതൽ വേണ്ട സമയക്രമം വ്യക്തമാക്കുമോ ; | (എ) | സർവ്വീസിൽ പ്രവേശിച്ച് 240 ലൈൻ ഡ്യൂട്ടി പൂർത്തിയാക്കുന്ന അടുത്ത ദിവസം മുതൽ II ഗ്രേഡ് കണ്ടക്ടറായി പരിഗണിക്കുന്നതാണ്. പ്രവേശന തീയതി മുതൽ ഒരു വർഷത്തിനകം 240 ഡ്യൂട്ടി പൂർത്തീകരിക്കുന്ന കണ്ടക്ടർക്ക് പ്രവേശന തീയതി മുതൽ ഒൻപത് വർഷം കഴിയുമ്പോൾ ഫസ്റ്റ് ഗ്രേഡ് ആയും, അതിനുശേഷം ആറ് വർഷം കഴിയുമ്പോൾ സെലക്ഷൻ ഗ്രേഡ് ആയും, അതിനുശേഷം മൂന്ന് വർഷം കഴിയുമ്പോൾ സ്പെഷ്യൽ ഗ്രേഡ് ആയും സ്ഥാനകയറ്റം ലഭിക്കും. |
| (ബി) | ഇതിൽ കണ്ടക്ടർ ഗ്രേഡ് 2-ൽ നിന്ന് 1-ലേക്കും തുടങ്ങി സെലക്ഷൻ ഗ്രേഡ്, സ്പെഷ്യൽ ഗ്രേഡ് എന്നിവകളിലേക്കും യഥാക്രമം നിലനിൽക്കുന്ന സമയപരിധിയായ 9, 6, 3 വർഷം എന്നതിന് പകരം ചുരുങ്ങിയ വേതനക്കാരായ പ്രസ്തുത ജീവനക്കാർക്ക് 7 വർഷം, 3 വർഷം, 18 മാസം എന്നീ നിലയ്ക്ക് സമയ പരിധി ചുരുക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | (ബി) | നിലവിൽ അംഗീകൃത യൂണിനുകളുമായുള്ള കരാറിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത സമയക്രമം നിശ്ചയിച്ചിട്ടുള്ളത്. അക്കാര്യം ചുരുക്കുന്നത് കെ.എസ്.ആർ.ടി.സി യുടെ സാമ്പത്തിക ബാദ്ധ്യത അധികരിക്കുന്നതിന് ഇടയാക്കുമെന്നതിനാൽ ഇപ്പോൾ പരിഗണിക്കാൻ കഴിയില്ല. |
| (സി) | ഇങ്ങനെ മാറ്റം വരുത്തുന്നത് കൊണ്ട് മാനേജ്മെന്റിന് ഭാരിച്ച ബാധ്യത ഉണ്ടാകുന്നുണ്ടോ; എങ്കിൽ അധിക ബാധ്യത എത്രത്തോളമുണ്ടാകും; വിശദമാക്കുമോ ? | (സി) | കണ്ടക്ടർ വിഭാഗത്തിന് മാത്രമായി സ്ഥാനകയറ്റത്തിനുള്ള സമയപരിധി ചുരുക്കുവാൻ കഴിയില്ല. എല്ലാ വിഭാഗത്തിനും ഇങ്ങനെ മാറ്റം വരുത്തുമ്പോൾ കെ.എസ്.ആർ.ടി.സി.ക്ക് ഭാരിച്ച ബാദ്ധ്യതയുണ്ടാകും. വിശദമായ ബാദ്ധ്യത തിട്ടപ്പെടുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ